കേരളസംസ്ഥാന സഹകരണമത്സ്യവികസന ഫെഡറേഷൻ ക്ലിപ്തം നം.
എഫ് (റ്റി) 738 (മത്സ്യഫെഡ്)

# മത്സ്യഫെഡ് നൈലോൺ ട്വൈൻ ഫാക്ടറി

പറവൂർ, പുന്നപ്ര, ആലപ്പുഴ
ഇ.മെയിൽ: mfedtwine@gmail.com ഫോൺ നമ്പർ: 9526041186

No.Mfed/MNTF/FACTORY ESTT/2023-24 തീയതി: 20.07.2026

## ക്വട്ടേഷൻ നോട്ടീസ്

വിഷയം: മത്സ്യഫെഡ് നൈലോൺ ട്വൈൻ ഫാക്ടറി പറവൂർ, ആലപ്പുഴ സെക്യൂരിറ്റി സ്റ്റാഫിനെ നിയോഗിക്കുന്നത് - ക്വട്ടേഷൻ നോട്ടീസ് -സംബന്ധിച്ച്.

മത്സ്യഫെഡ് നൈലോൺ ട്വൈൻ ഫാക്ടറി പറവൂർ, ആലപ്പുഴയിലേയ്ക്ക് 2026-27 വർഷക്കാലത്തേയ്ക്ക് കരാർ വ്യവസ്ഥയിൽ സെക്യൂരിറ്റി ജീവനക്കാരെ നിയോഗിക്കുന്നതിലേയ്ക്ക് താല്പര്യമുള്ള ഏജൻസികളിൽ നിന്നും താഴെ കാണിച്ച വ്യവസ്ഥകൾക്ക് വിധേയമായി ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

1. ഫാക്ടറി ഓഫീസിന്റെയും, ഫാക്ടറിയുടേയും സെക്യൂരിറ്റി ചുമതലയ്ക്കാണ് സെക്യൂരിറ്റി ജീവനക്കാരെ നിയോഗിക്കുന്നത്.

2. പൊതു അവധി ദിവസങ്ങളിൽ ഉൾപ്പെടെ 7 ദിവസവും 24 മണിക്കൂറും സേവനം എന്ന വിധത്തിലാണ് ജീവനക്കാരെ സെക്യൂരിറ്റി ചുമതല നിർവ്വഹിക്കുന്നതിനായി ഏജൻസി നൽകേണ്ടത്.

3. യാതൊരു അവധി ദിവസവും സെക്യൂരിറ്റി ജീവനക്കാർക്ക് ഉണ്ടായിരിക്കുന്നതല്ല. (ഞായറാഴ്ചയും പൊതു അവധി ദിവസവും ഉൾപ്പെടെ).

4. ഏതെങ്കിലും ദിവസം ജീവനക്കാർക്ക് അവധി ആവശ്യമായി വരുന്ന പക്ഷം ഏജൻസി ബദൽ ആളെ അന്നേ ദിവസത്തേയ്ക്ക് നിയോഗിക്കേണ്ടതും ഇക്കാര്യത്തിന് ഈ ഓഫീസിന്റെ അനുമതി മുൻകൂർ വാങ്ങിക്കേണ്ടതുമാണ്.

5. ഇതിനായി പ്രതിമാസം അംഗീകരിക്കപ്പെടുന്ന ക്വട്ടേഷനിൽ കാണിച്ച തുക മാത്രമായിരിക്കും വേതനമായി എജൻസിക്ക് അനുവദിക്കുക. ഈ തുക കൂടാതെ യാതൊരു ആനുകൂല്യവും ജീവനക്കാർക്കോ, എജൻസിക്കോ ഈ ഓഫീസിൽ നിന്നും നൽകുന്നതല്ല. സെക്യൂരിറ്റി ജീവനക്കാർക്കുള്ള ഇ.എസ്.ഐ, പ്രൊവിഡന്റ്ഫണ്ട് തുടങ്ങിയ ആനുകൂല്യങ്ങളും ഏജൻസിയുടെ മാത്രം ബാധ്യതയായിരിക്കും.

6. എജൻസിയുടെ അംഗീകൃത യൂണീഫോം ജീവനക്കാർ ഡ്യൂട്ടി സമയത്ത് ധരിച്ചിരിക്കണം. ഇക്കാര്യത്തിൽ വീഴ്ചവരുത്തിയാൽ ജീവനക്കാരന് എതിരെ പിഴ ചുമത്താൻ ഈ ഓഫീസിന് അധികാരമുണ്ടായിരിക്കും. യൂണീഫോം ഏജൻസിയുടെ ചെലവിലോ ജീവനക്കാരന്റെ ചെലവിലോ വഹിക്കേണ്ടതാണ്.

7.സെക്യൂരിറ്റി ജീവനക്കാർക്ക് പ്രതിമാസ ചാർജ്ജ് ആയി എജൻസിക്ക് നൽകേണ്ട തുകയാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്.

8. സ്വീകരിക്കപ്പെടുന്ന ക്വട്ടേഷനറായ ഏജൻസി മത്സ്യഫെഡുമായി നിശ്ചിത ഉടമ്പടി വയ്ക്കേണ്ടതാണ്. ഈ ഉടമ്പടിയിലെ വ്യവസ്ഥകൾ എജൻസി പാലിച്ചിരിക്കേണ്ടതാണ് .

9. സെക്യൂരിറ്റി ജീവനക്കാരുടെ പ്രവർത്തനം തൃപ്തികരമാകാതെ വരുന്ന പക്ഷമോ ജീവനക്കാരന്റെ ഭാഗത്ത് നിന്ന് എതെങ്കിലും വീഴ്ചയുണ്ടാകുന്ന പക്ഷമോ ഈ ഓഫീസിന്റെ ഭരണപരമായ മറ്റ് കാരണങ്ങളാലോ 15 ദിവസത്തെ നോട്ടീസ് നൽകിക്കൊണ്ട് ഉടമ്പടി അവസാനിപ്പിക്കാൻ ഈ ഓഫീസിന് അധികാരമുണ്ടായിരിക്കുന്നതാണ്.

10. സെക്യൂരിറ്റി ജീവനക്കാരുടെ ഭാഗത്ത് നിന്നും കൃത്യനിർവ്വഹണത്തിലുണ്ടാകുന്ന അലംഭാവമോ വീഴ്ച്ചയോ, ശ്രദ്ധക്കുറവോ മൂലം ഏതെങ്കിലും നാശനഷ്ടങ്ങൾ ഈ ഓഫീസിന് നേരിടുന്ന പക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഏജൻസിക്കായിരിക്കുന്നതും. ഏജൻസിയിൽ നിന്നും നഷ്ടപരിഹാരം ഇടാക്കുവാൻ ഈ ഓഫീസിന് അധികാരമുണ്ടായിരിക്കുന്നതുമാണ്.

11. ക്വട്ടേഷൻ 30.07.2026 നു രാവിലെ 11 മണിക്ക് മുൻപായി ഈ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതും അന്നേ ദിവസംരാവിലെ 11.30 നു ഹാജരുള്ള ക്വട്ടേഷൻമാരുടെ സാന്നിധ്യത്തിൽ ക്വട്ടേഷൻ തുറക്കുന്നതും ഏറ്റവും കുറവ് തുക കാണിച്ച ക്വട്ടേഷൻ മത്സ്യഫെഡ് കേന്ദ്ര ഓഫീസിന്റെ അനുമതിക്ക് വിധേയമായി ഉറപ്പിക്കുന്നതുമായിരിക്കും.

12. ക്വട്ടേഷന്റെ പുറത്ത് "**സെക്യൂരിറ്റി ജീവനക്കാർക്കുള്ള ക്വട്ടേഷൻ**" എന്ന് കാണിച്ചിരിക്കണം

**മാനേജർ i/c**

MATSYAFED TWINE FACTORY
Paravoor
Alappuzha
688 004
Punnapra P.O.

MANAGER
MATSYAFED TWINE FACTORY
PUNNAPRA P.O, PARAVOOR
ALAPPUZHA-688 004